പതിനാലാം കേരള നിയമസഭ

14-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.25 | 28.01.2019-ൽ മറുപടിക്ക്

മണൽ ഓഡിറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി. കെ. സി. മമ്മത് കോയ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പുഴകളിൽ പ്രളയത്തിനുശേഷം മണൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പുഴകളിലാണ് മണൽ ഓഡിറ്റ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) കോഴിക്കോട് ജില്ലയിൽ ചാലിയാർ പുഴയിലാണ് sand auditing നടത്താൻ നിശ്ചയിച്ചിട്ടുള്ളത്. |
| (സി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പ്രളയം ബാധിച്ച ആറ് നദികളിൽ വീണ്ടും സാൻഡ് ഓഡിറ്റിംഗ് നടത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (പി) വകുപ്പ്

**സ.ഉ.(സാധാ) നം.254/2019/റവ.** തീയതി,തിരുവനന്തപുരം, 24/01/2019

പരാമർശം:-
1 29.11.2018-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ നടപടിക്കുറിപ്പ്.
2 14.01.2019-ലെ ILDM, ഡയറക്ടറുടെ ഐ എൽ ഡി എം /1550 /2017 / ഇ 1 നമ്പർ കത്ത്.

**ഉത്തരവ്**

2018-ൽ സംസ്ഥാനത്ത് പ്രളയം ബാധിച്ച പ്രധാനപ്പെട്ട 6 നദികളായ - പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര എന്നീ നദികളിൽ വീണ്ടും സാന്റ് ഓഡിറ്റിങ്ങ് നടത്തുന്നതിന് ഏജൻസിയെയും തുകയും നിശ്ചയിച്ച് കൊണ്ടുള്ള ILDM ഡയറക്ടർ സമർപ്പിച്ചതും ചുവടെ കൊടുത്തിരിക്കുന്നതുമായ പ്രൊപ്പോസൽ 29.11.2018-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി പരാമർശം (1) പ്രകാരം അംഗീകരിക്കുകയുണ്ടായി.

| ക്രമ നമ്പർ | നദി /ജില്ല | നീളം | ഏജൻസി | ഫീസ് (കിലോമീറ്ററിനുള്ള നിരക്ക്) (രൂപ) | ഡിജിറ്റൈസേഷൻ ഫീസ് (രൂപ) |
|---|---|---|---|---|---|
| 1 | പെരിയാർ (എറണാകുളം) | 59 k.m | സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് & എൺവയോമെന്റൽ സ്റ്റഡീസ്, കൊച്ചി | 14000 | 50000 |
| 2 | പമ്പ (പത്തനംതിട്ട) | 60 km | C-Graf, ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം | 14000 | 50000 |

| | | | | | |
|---|---|---|---|---|---|
| 3 | മൂവാറ്റുപുഴ (എറണാകുളം) | 52 k.m | ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസ്, കോട്ടയം | 14000 | 50000 |
| 4 | ചാലിയാർ (മലപ്പുറം) | 53 k.m | സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡവലപ്പ്മെന്റ്, തൃശ്ശൂർ | 14000 | 50000 |
| 5 | കടലുണ്ടി (മലപ്പുറം) | 88 k.m | ജിയോടെക്നിക്കൽ എൻജിനീയറിംഗ് & കൺസൽട്ടൻസി സർവ്വീസസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | 14000 | 50000 |
| 6 | ഇത്തിക്കര (കൊല്ലം) | 43 k.m | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡവലപ്പ്മെന്റ്, തിരുവനന്തപുരം | 10000 | 50000 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) -ന്റെ വെളിച്ചത്തിൽ മേൽ പ്രൊപോസൽ അംഗീകരിച്ച് ഉത്തരവാകുന്നു. മേൽ സൂചിപ്പിച്ചിരിക്കുന്ന ഏജൻസികൾ 2019 ഫെബ്രുവരി 10-നു മുൻപായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുമായി എം ഒ യു ഒപ്പു വച്ച് ILDM, ഡയറക്ടർ നൽകുന്ന മാർഗ്ഗ നിർദേശ പ്രകാരം പ്രവർത്തനം ആരംഭിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള ഏജൻസികൾ 2019 ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ സർവ്വേ നടത്തേണ്ടതും തുടർന്ന് റിവർ മാനേജ്മെന്റ് സെന്ററിന്റെ പരിശോധന പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ILDM, ഡയറക്ടർ , ലാൻഡ് റവന്യൂ കമ്മീഷണർ മുഖേനെ 2019 ജൂൺ മാസത്തിൽ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബെൻസി.ജെ
അഡീഷണല് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം, എറണാകുളം, പത്തനംതിട്ട, മലപ്പുറം .

ഡയറക്ടർ, ILDM, PTP നഗർ, PTP നഗർ, പി ഒ, തിരുവനന്തപുരം-38.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

**File No.REV-P3/16/2019-REV**

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ